**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**

**നം. 2786** **07.12.2018-ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എസ്. ശർമ്മ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കിഫ്-ബിയുടെ സാമ്പത്തിക സഹായത്തോടെ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. 2016-17 ബജറ്റ് പ്രസംഗത്തിൽ KIIFB ന്റെ സാമ്പത്തിക സഹായത്തോടെ ജില്ലാ കേന്ദ്രങ്ങളിൽ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ സ്ഥലം കണ്ടെത്തുകയും, അതിൽ കൊല്ലം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലെ സ്ഥലം കൈമാറി ലഭിക്കുകയും, പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ, ഇടുക്കി, മലപ്പുറം എന്നിവിടങ്ങളിൽ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മറ്റു ജില്ലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രവർത്തികളും പുരോഗമിച്ചു വരുന്നു.<br>2. അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് വേണ്ടി സ്ഥിരം വേദിയുണ്ടാക്കുന്നതിനായി തിരുവനന്തപുരത്തെ തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ വക സ്ഥലം കണ്ടെത്തുകയും അതനുസരിച്ച് സ്ഥലത്തെക്കുറിച്ചുള്ള സ്റ്റേക്ക് ഹോൾഡിംഗ് കൺസൽട്ടേഷൻ, സർവ്വെ ആന്റ് |

ഫീൽഡ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, കൺസൾട്ടന്റായ മെസ്സേഴ്സ് പ്രൈസ് വാട്ടേഴ്സ് ക്യൂപ്പേഴ്സ് എന്ന സ്ഥാപനം തയ്യാറാക്കുകയും ചെയ്തു. എന്നാൽ സിനിമാ മേഖലയിലുള്ളവരുടെയും മറ്റ് സിനിമാ സ്വാദകരുടെയും അഭിപ്രായങ്ങൾ പരിഗണിച്ച് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, തിരുവനന്തപുരം നഗര ഹൃദയത്തിൽ തന്നെയുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതനുസരിച്ച് സ്ഥലം കണ്ടെത്തുന്നതിനായുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു.

3. കെ.എസ്.എഫ്.ഡി.സി യുടെ ചിത്രാഞ്ജലി സ്റ്റുഡിയോയെ ഒരു ഫിലിം സിറ്റിയായി മാറ്റുന്ന പദ്ധതിയ്ക്കായുള്ള ഡി.പി.ആർ. കിഫ്ബിയ്ക്ക് സമർപ്പിച്ചു കഴിഞ്ഞു.

4. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന കേരളത്തിലുടനീളം 100 സിനിമ തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ, പേരാമ്പ്ര, തലശ്ശേരി എന്നീ സ്ഥലങ്ങൾ തെരഞ്ഞെടുക്കുകയും ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒറ്റപ്പാലം, താനൂർ, കോഴിക്കോട്, നെയ്യാറ്റിൻകര, കൊല്ലം, ചെങ്ങന്നൂർ എന്നിവിടങ്ങളിലെ ഡി പി ആർ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കും.

സെക്ഷൻ ഓഫീസർ